**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഫാം തൊഴിലാളികളുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന് കീഴിൽ ഫാം തൊഴിലാളികളുടെ സ്ഥലംമാറ്റം സംബന്ധിച്ച നിലവിലുള്ള ഉത്തരവുകളിൽ പുതുതായി ഭേദഗതികൾ വരുത്തിയിട്ടുണ്ടോ ; സ്ഥലം മാറ്റത്തിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇപ്പോൾ സ്ഥലം മാറ്റം നടത്തുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്നും അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഇല്ല. സ.ഉ(കൈ)നം.136/91/ADതീയതി 05.04.1991, സ.ഉ(കൈ)നം. 35/97/AD തീയതി 04.02.1997 എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ഫാം തൊഴിലാളികളുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നത്. മേൽ ഉത്തരവുകളുടെ പകർപ്പുകൾ **അനുബന്ധം I, II** ആയി ചേർക്കുന്നു. |
| (ബി) | ഫാം തൊഴിലാളികളെ ഭരണസൗകര്യാർത്ഥവും പൊതുതാല്പര്യാർത്ഥവും പരസ്പരം മാറ്റി നിയമിക്കുന്നതിന് ജില്ലാ അധികാരികൾക്ക് സാധിക്കുന്നതാണോ; ഇതിനുള്ള അധികാരം അവർക്ക് നൽകുന്ന ഉത്തരവുകളോ സർക്കുലറുകളോ ലഭ്യമാണെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഫാം തൊഴിലാളികൾക്ക് അപേക്ഷയിന്മേൽ എത്ര സ്ഥലം മാറ്റത്തിന് അർഹതയുണ്ടെന്ന് വിശദമാക്കാമോ; | (ബി) | അതെ. കൂടാതെ സ.ഉ(സാധാ)നം. 240/2021/കൃഷി തീയതി 26/02/2021 പ്രകാരം ഫാം തൊഴിലാളികളുടെ നിയമന അധികാരി അതാത് ജില്ല ഓഫീസർമാരാണ്. ഫാം തൊഴിലാളികളുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയായ ജില്ലാ ഓഫീസർമാരിൽ നിക്ഷിപ്തമാണ്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധം-III** ആയി ചേർക്കുന്നു. ഒരിക്കൽ സമ്മതത്തോടുകൂടി സ്ഥലംമാറ്റപ്പെടുന്ന തൊഴിലാളിക്ക് സാധാരണയായി വീണ്ടും സ്ഥലം മാറ്റം അനുവദിക്കാൻ വ്യവസ്ഥയില്ല. |
| (സി) | മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഫാം തൊഴിലാളികളെ ഉദ്യോഗസ്ഥർ അനധികൃതമായി സ്ഥലം മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമവിരുദ്ധമായ ഇത്തരം സ്ഥലം മാറ്റങ്ങളെ കുറിച്ച് സമഗ്രമായ അന്വേഷണത്തിന് ഉത്തരവിടുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - III

File No.AGRI-AF1/41/2018-AGRI

farm

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്കു കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി ശുപാർശകൾ സമർപ്പിക്കാൻ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് ഭാഗികമായി അംഗീകരിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ഫാംസ്) വകുപ്പ്

G.O.(Rt)No.240/2021/AGRI തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 സ.ഉ.(സാധാ )നം.08/2018/കൃഷി തീയതി, 12.01.2018.

2 സ.ഉ.(സാധാ )നം.989/2018/കൃഷി തീയതി, 01.10.2018.

3 ഗവൺമെന്റ് ഫാം തൊഴിലാളികളുടെ സേവന വേതന പരിഷ്കരണ സമിതി റിപ്പോർട്ട് - 2019

ഉത്തരവ്

കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്കു കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചു കൊണ്ട് പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സമിതി നിരവധി തവണ യോഗം ചേർന്ന് വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത ശുപാർശകൾ അടങ്ങിയ റിപ്പോർട്ടിൽ താഴെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി ഭാഗം I ലെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു . ഭാഗം II ലെ ശുപാർശകളിന്മേൽ വിശദമായ പരിശോധന നടത്തി സർക്കാർ പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് .

I.തൊഴിലാളികളുടെ നിയമനം, തസ്തിക സംവരണം എന്നിവയിൽ സർക്കാർ തലത്തിൽ തീരുമാനം കൈകൊള്ളുന്നതായിരിക്കും.

II.പ്രൊമോഷൻ സംബന്ധിച്ച് സീനിയോരിറ്റിക്ക് പകരം ജോലിയിൽ പ്രവേശിച്ച തീയതി ആയിരിക്കും പരിഗണിക്കുക.

III.ഒരേ ദിവസം ജോലിയിൽ പ്രവേശിച്ചവരുടെ സീനിയോരിറ്റി പരിഗണിക്കുമ്പോൾ ജനനത്തീയതി കൂടി പരിഗണിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്.

IV.ദേശീയാവധി സംബന്ധിച്ച ടി റിപ്പോർട്ടിലെ 14 -ാം ഖണ്ഡികയിലെ ശുപാർശ പൂർണ്ണമായും നിരസിക്കുന്നു.

ഗവൺമെന്റ് ഫാം തൊഴിലാളികളുടെ സേവന വേതന പരിഷ്കരണ സമിതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

അനുബന്ധം-I

ജി.ഒ.(എം.എസ്) 136/91/കൃഷി. തീയതി

5.4.91 ഫ്രം അഡീഷണൽ സെക്രട്ടറി കൃഷി (ഫാം) വകുപ്പ്, തിരുവനന്തപുരം

ടു കൃഷി ഡയറക്ടർ, തിരുവനന്തപുരം.

സംഗ്രഹം:- കൃഷി വകുപ്പ് ഫാം തൊഴിലാളികളുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കൃഷി ഡയറക്ടറുടെ 14-6-89, 7.8.89 എന്നീ തീയതികളിലെ എ. ഡബ്ളിയു 2-21279/89 നംപർ കത്തുകൾ.

......

## ഉത്തരവ്

താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സർക്കാർ ഫാമുകളിലെ കാഷ്വൽ/സ്ഥിരം തൊഴിലാളികൾക്ക് ഒരു ഫാമിൽ നിന്നും മറ്റൊരു ഫാമിലേക്ക് സ്ഥലം മാറ്റം നല്കാൻ അനുവാദം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സ്ഥലംമാറ്റം ആവശ്യപ്പെടുന്ന തൊഴിലാളി ബന്ധപ്പെട്ട ഫാം അധികാരി മുഖേന ജില്ലാ ഓഫീസർ രേഖാമൂലം അപേക്ഷിക്കണം.
2. ജില്ലയ്ക്കുള്ളിൽ മാത്രമേ സ്ഥലം മാറ്റം ആവശ്യപ്പെടാൻ പാടുള്ളു.
3. ഏതു ഫാമിലേയ്ക്കാണോ സ്ഥലം മാറ്റം ആവശ്യപ്പെടുന്നത് ആ ഫാമിൽ കാഷ്വൽ തൊഴിലാളികളുടെ സേവനം കൂടുതലായി ആവശ്യമുണ്ടെന്നും, ആ ഫാമിൽ ഇപ്പോൾ ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികൾക്ക് ന്യായമായ തടസ്സങ്ങളൊന്നുമില്ലെന്നും ജില്ലാ അധികാരികൾ ബോദ്ധ്യപ്പെട്ടിരിയ്ക്കണം.
4. സ്ഥലം മാറ്റപ്പെടുന്ന തൊഴിലാളികളെ പുതിയ സ്ഥലത്തെ സീനിയോറിറ്റി ലിസ്റ്റിലെ അവസാനത്തെ ആളായിട്ടായിരിയ്ക്കണം റോളിൽ ചേർക്കേണ്ടത്.
5. എന്നാൽ അയാളുടെ പൂർവ്വകാല സേവനം മറ്റെല്ലാ ആനുകൂല്യങ്ങൾക്കും കണക്കാക്കേണ്ടതാണ്.
6. സ്ഥലം മാറി പോകുന്ന തൊഴിലാളിയുടെ അതുവരെയുള്ള സേവന വിവരങ്ങളും മറ്റു ബന്ധപ്പെട്ട രേഖകളും പഴയ ഫാം അധികാരി പുതിയ ഫാം അധികാരിക്ക് ഉടനടി അയയ്ക്കേണ്ടതാണ്.
7. സ്ഥലം മാറ്റപ്പെടുന്ന തൊഴിലാളിക്ക് യാത്രാപ്പടിയോ പുതിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുന്നതിന് ശംപളത്തോടുകൂടിയ സാവകാശമോ ലഭിക്കുന്നതല്ല. പര 10 ദിവസത്തിനുള്ളിൽ പുതിയ സ്ഥലത്തു ജോലിയ്ക്ക് ഹാജരായിരിയ്ക്കണം.
8. തൊഴിലാളികളെ ജില്ലയ്ക്കുള്ളിൽ സ്ഥലം മാറ്റുവാനുള്ള അധികാരം ജില്ലാ ആഫീസറിൽ നിക്ഷിപ്തമായിരിയ്ക്കും.

Generated from eOffice by SABU S MOHAN, ASST (AFI) AGRI, ASST (AP)-AGRI, AGRI on 20/01/2023 04:23 PM

Scanned with CamSc

അനുബന്ധം-II
Annexure A8/1



കേരള സർക്കാർ
സംഗ്രഹം

കൃഷി വകുപ്പ് - ഫാം തൊഴിലാളികളുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ഫാംസ്) വകുപ്പ്

ജി.ഒ.(എം.എസ്.) നം.35/97/എഡി. തീയതി, തിരുവനന്തപുരം. 4. 2 .1997.

---

പരാമർശം: - 1) 3.4.1991 ലെ സ.ഉ. (എം.എസ്) നംബർ 136/91/ എഡി.
2) 25.10.1996-ലെ കൃഷി വകുപ്പ് ഡയറക്ടറുടെ എൽ.ഡബ്ളിയൂ. (1) 20012/96 നമ്പർ കത്തു്.

ഉത്തരവ്

സർക്കാർ ഫാമുകളിലെ കാഷ്വൽ/സ്ഥിരം തൊഴിലാളികൾക്ക് ഒരു ഫാമിൽനിന്നും മറ്റൊരു ഫാമിലേക്ക് സ്ഥലം മാറ്റം നൽകാൻ ചില നിബന്ധനകൾക്ക് വിധേയമായി അനുവാദം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ ചില തൊഴിലാളികൾ ജില്ല മാറ്റിയുള്ള സ്ഥലം മാറ്റത്തിനു അപേക്ഷിക്കാറുണ്ടെന്നും, അങ്ങനെയുള്ളവരുടെ കാര്യം പരാഗണിക്കണമെന്നും കൃഷി വകുപ്പ് ഡയറക്ടർ പരാമർശം (2) ലെ കത്തു പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) പകാരം സർക്കാർ ഉത്തരവിനു് താഴെ പറയുന്ന ഭേദഗതി വരുത്തിക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(1) നിലവിലുള്ള നിബന്ധന രണ്ടിനു പകരം താഴെ പറയുന്ന നിബന്ധന ചേർക്കുന്നതാണ്.

"2. സാധാരണയായി ജില്ലക്കുള്ളിൽ മാത്രമേ സ്ഥലം മാറ്റം ആവശ്യപ്പെടാൻ പാടുള്ളൂ. എന്നാൽ പ്രത്യേക സാഹചര്യത്തിൽ മിനിമം മൂന്നു വർഷത്തെ ജോലിയുള്ള തൊഴിലാളികൾക്കു ജില്ലയ്ക്കു വെളിയിൽ സ്റ്റേറ്റിനകത്തുള്ള മറ്റു ഫാമുകളിലേക്കും സ്ഥലം മാറ്റം നൽകുന്നതിനു അപേക്ഷിക്കാവുന്നതാണു്."

(11) (8) – ാം നിബന്ധനയുടെ അവസാനം ചുവടെ പറയുന്ന വാചകം കൂടെ ചേർക്കേണ്ടതാണു്.

"എന്നാൽ തൊഴിലാളികൾക്കു് അതാത് ജില്ലകൾക്കു് പുറത്തുള്ള ഫാമുകളിലേയ്ക്കു മാറ്റം നൽകുന്നതിനുള്ള അധികാരം കൃഷി വകുപ്പ് ഡയറക്ടർക്കായിരിക്കുന്നതാണു്".

പരാമർശം (1)- ലെ സർക്കാർ ഉത്തരവ് മുകളിൽ പരാമർശിച്ച രീതിയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.രാജേന്ദ്രൻ,
അഡീഷണൽ സെക്രട്ടറി.

9. ഒരിയ്ക്കൽ തെരഞ്ഞെടുക്കപ്പെട്ട് സ്ഥലം മാറ്റപ്പെടുന്ന തൊഴിലാളിക്ക് വീണ്ടും സാധാരണയായി സ്ഥലം മാറ്റം അനുവദിയ്ക്കാൻ പാടില്ലാത്തതാണ്.

10. ഒരു സ്ഥിരം തൊഴിലാളി ഏതു ഫാമിലേയ്ക്കാണോ സ്ഥലം മാറ്റം ആവശ്യപ്പെടുന്നത് ആ ഫാമിൽ സ്ഥിരം തൊഴിലാളികളുടെ തന്നെ ഒഴിവ് ഉണ്ടായിരിയ്ക്കുകയും എന്നാൽ പുരുഷ/സ്ത്രീ കാഷ്വൽ തൊഴിലാളികൾ ആരും തന്നെ ആ ഫാമിൽ ഇല്ലെന്ന് ജില്ലാ അധികാരിയ്ക്ക് ബോദ്ധ്യപ്പെട്ടിരിയ്ക്കുകയും ചെയ്യാതെ ആ ഫാമിലേയ്ക്ക് സ്ഥലം മാറ്റം അനുവദിയ്ക്കാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. സരസമ്മ
അഡീഷണൽ സെക്രട്ടറി

കൃഷി ഡയറക്ടറേറ്റ്,
അനക്സ്, തമ്പാനൂർ

കീഴെഴുത്ത് നമ്പർ എൽ. ഡബ്ല്യു (2) 21279/09 തീയതി തിരുവനന്തപുരം

---

പകർപ്പ്: എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും അയക്കുന്നു

ജോയിന്റ് കൃഷി ഡയറക്ടർ

2) സ്റ്റോക്ക് ഫയൽ/എൽ. ഡബ്ല്യു (1) ഫയൽ

കൃഷി ഡയറക്ടർക്കുവേണ്ടി

ഒപ്പ്

This is the true copy of the document marked as Ext.P5
in the above referred in O.P.

Advocate

സെക്ഷൻ ഓഫീസർ



Generated from eOffice by SABU S MOHAN, ASST (AF) AGRI, ASST (AF) AGRI, AGRI on 20/01/2021

A8/2

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നതു്

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

കീഴെഴുത്ത് നമ്പർ ഇ3.1681/97

പ്രിൻസിപ്പൽ കൃഷി ഓഫീസ്,
എറണാകുളം, കൊച്ചി –30.
തീയതി: 15.2.1997.

ഗവണ്മെൻറ് ഉത്തരവിന്റെ പകർപ്പ് എല്ലാ ഫാമിലേക്കും മേലുദ്യോഗസ്ഥൻമാരുടെ അറിവിലേയ്ക്കായി അയക്കുന്നു.

(ഒപ്പ്)

അഡ്മിനിട്രേറ്റീവ് അസിസ്റ്റൻറ്,
പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു വേണ്ടി.

പകർപ്പ് : പി.എ.ഒ.യ്ക്ക്.
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്)
ടെക്നിക്കൽ അസിസ്റ്റൻറ്
റ്റി.എ.(1) സെക്ഷൻ
അഡ്മിനിട്രേറ്റീവ് അസിസ്റ്റൻറ്
അക്കൗണ്ട്സ് ആഫീസർ
ജൂനിയർ സൂപ്രണ്ട് (7)
ഹെഡ് ക്ളാർക്ക്
കരുതൽ ഫയലിലേക്ക്.

(ഒപ്പ്)
സൂപ്രണ്ട്.

എസ്.ആർ. 26.2.

This Annexure A8 is the true copy of original document.

Advocate

സെക്ഷൻ ഓഫീസർ

**File No.AGRI-AF1/41/2018-AGRI**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S SABIR HUSSAIN
ADDITIONAL SECRETARY

പകർപ്പ്

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

ലേബർ വേൽഫെയർ ഓഫീസർ, കൃഷി ഡയറക്ടറേറ്റ്.

അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗ സംരക്ഷണ വകുപ്പ്.

ജോയിന്റ് ഡയറക്ടർ (ജനറൽ ), ക്ഷീര വികസന വകുപ്പ്

സീനിയർ ഫിനാൻസ് ഓഫീസർ, കൃഷി ഡയറക്ടറേറ്റ്.

ഫിനാൻസ് ഓഫീസർ, മൃഗ സംരക്ഷണ വകുപ്പ്.

ശ്രീ.എ.എ.ഹക്കീം, കേരള സ്റ്റേറ്റ് ഗവൺമെന്റ് ഫാം വർക്കേഴ്സ് യൂണിയൻ (CITU), ഇന്ദു , ടി.സി. 49/400, മണക്കാട് പി.ഒ , തിരുവനന്തപുരം .

ശ്രീ.മണ്ണറ വേണ. ഗവൺമെന്റ് ഫാം വർക്കേഴ്സ് ഫെഡറേഷൻ (INTUC) അശ്വതി, കരകുളം . പി.ഒ, തിരുവനന്തപുരം.

ശ്രീ.സിവി.ശശി, ജനറൽ സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഫാം വർക്കേഴ്സ്. ഫെഡറേഷൻ (AITUC) ,സി.അച്ചുത മേനോൻ സ്മാരക മന്ദിരം , ഒക്കൽ .പി.ഒ

ശ്രീ.വി.ജി.രാജപ്പൻ, അനിമൽ ഹസ്ബൻഡറി ഫാം വർക്കേഴ്സ് യൂണിയൻ (AITUC),

ബിന്ദു സദനം, അങ്ങാടിക്കൽ, ചെങ്ങന്നൂർ, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), തിരുവനന്തപുരം.

ക്ഷീര വികസന വകുപ്പ്.

മൃഗ സംരക്ഷണ വകുപ്പ്.

പകർപ്പ്.

കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്.

മൃഗ സംരക്ഷണ, ക്ഷീര വികസനം വകുപ്പ് മന്ത്രിയുടെ പി.എസിന്.

കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by JUSTIN JOY J
Date: 2021.03.[illegible] 12:36:54 IST
Reason: Approved
സെക്ഷൻ ഓഫീസർ

# 0അനുബന്ധം

## ഉള്ളടക്കം

### ആമുഖം

### ശുപാർശകൾ

### ഭാഗം - I


1. ഉത്തരവ് ബാധകമാക്കേണ്ട വകുപ്പുകളും സ്ഥാപനങ്ങളും
2. ക്വാണ്ടം ഓഫ് വർക്ക് (ജോലിഭാരം)
3. തൊഴിലാളികളുടെ നിയമനം
4. തസ്തിക സംവരണം
5. പ്രൊമോഷൻ
6. ജോലി സമയം
7. തൊഴിൽ പരിശീലനം
8. അച്ചടക്ക നടപടി
9. ജോലി തരംതിരിയ്ക്കൽ/റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിക്കൽ
10. മോണിറ്ററിംഗ് സെൽ

11.. മിനിമം ജോലിഭാരം ഉറപ്പു വരുത്തൽ

12. വീക്കിലി ഓഫ്

13. ശൂന്യവേതനാവധി

14. ദേശീയാവധികൾ

15. കാഷ്വൽ തൊഴിലാളികളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള ഫോർമുല

16. കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി

17. ഇൻക്രിമെന്റ്

# ആമുഖം

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു പന്ത്രണ്ടംഗ ശമ്പള പരിഷ്ക്കരണസമിതി രൂപീകരിച്ചുകൊണ്ട് 22.08.2016-ലെ സ.ഉ(എം.എസ്) 125/2016/കൃഷി അനുസരിച്ച് സർക്കാർ ഉത്തരവാകുകയുണ്ടായി. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫാം തൊഴിലാളികളുടെ വേതനവും അലവൻസുകളും പരിഷ്ക്കരിച്ചുകൊണ്ട് 17.05.2017-

ലെ സ.ഉ(അച്ചടി) നമ്പർ 08/2017/കൃഷി അനുസരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ലീവ്റൂൾ ഉൾപ്പെടെയുള്ള സേവനവ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ സർക്കാർ വ്യക്തമാക്കുകയും ചെയ്തു. ഇതനുസരിച്ച് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ ലീവ് റൂൾ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു പന്ത്രണ്ടംഗ സമിതി രൂപീകരിച്ചുകൊണ്ട് 12.01.2018-ലെ സ.ഉ(കൈ)നം.08/2018/കൃഷി അനുസരിച്ച് സർക്കാർ ഉത്തരവാകുകയുണ്ടായി. തൊഴിലാളി യൂണിയനുകളുടെ പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി നിരവധി തവണ ചർച്ച് ആവശ്യമായതിനാലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ ചർച്ച ആവശ്യമുള്ള വിഷയങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മേൽ ഉത്തരവിൽ ഭേദഗതി വരുത്തി കൃഷി (ഫാംസ്) വകുപ്പിന്റെ ചുമതലയുള്ള

അഡീഷണൽ സെക്രട്ടറിയെ സമിതിയുടെ അദ്ധ്യക്ഷനായി നിയമിച്ചുകൊണ്ട് 01.10.2018-ലെ സ.ഉ(സാധാ) നം.989/2018/കൃഷി അനുസരിച്ച് സർക്കാർ ഉത്തരവാകുകയുണ്ടായി.

## സമിതി അംഗങ്ങൾ

1. കൃഷി (ഫാംസ്) വകുപ്പ് അഡീഷണൽ സെക്രട്ടറി - അദ്ധ്യക്ഷൻ
2. ശ്രീ.ബേബി ജെയിംസ്, ലേബർ വെൽഫെയർ ഓഫീസർ, കൃഷി ഡയറക്ടറേറ്റ് - കൺവീനർ
3. അഡീഷണൽ ഡയറക്ടർ (ഫാംസ്), കൃഷി ഡയറക്ടറേറ്റ് - മെമ്പർ
4. അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ് - മെമ്പർ
5. ജോയിന്റ് ഡയറക്ടർ (ജനറൽ), ക്ഷീരവികസന വകുപ്പ് - മെമ്പർ
6. ജോയിന്റ് ഡയറക്ടർ (പൗൾട്രി), മൃഗസംരക്ഷണ വകുപ്പ് - മെമ്പർ

7. സീനിയർ ഫിനാൻസ് ഓഫീസർ, - മെമ്പർ
കൃഷി ഡയറക്ടറേറ്റ്

8. സീനിയർ ഫിനാൻസ് ഓഫീസർ, - മെമ്പർ
മൃഗസംരക്ഷണ വകുപ്പ്

9. ശ്രീ.എ.എ. ഹക്കീം, - മെമ്പർ
കേരള സ്റ്റേറ്റ് ഗവൺമെന്റ് ഫാം
വർക്കേഴ്സ് യൂണിയൻ (CITU)

10. ശ്രീ. മണ്ണറ വേണു, - മെമ്പർ
ഗവൺമെന്റ് ഫാം വർക്കേഴ്സ്
ഫെഡറേഷൻ (INTUC)

11. ശ്രീ.സി.വി. ശശി, - മെമ്പർ
ജനറൽ സെക്രട്ടറി, അഗ്രിക്കൾച്ചറൽ
ഫാം വർക്കേഴ്സ് ഫെഡറേഷൻ
(AITUC)

12. ശ്രീ.പി.ജി.രാജപ്പൻ, - മെമ്പർ
അനിമൽ ഹസ്ബന്ററി ഫാം,
വർക്കേഴ്സ് യൂണിയൻ (AITUC)

സമിതിയുടെ മീറ്റിംഗുകൾ 24.10.2018, 13.11.2018, 23.11.2018, 17.12.2018 എന്നീ തീയതികളിൽ സമിതി അദ്ധ്യക്ഷന്റെ സെക്രട്ടറിയേറ്റിലുള്ള ചേമ്പറിൽ കൂടുകയും വിശദമായ ചർച്ചകൾക്കുശേഷം സർക്കാരിന് സമർപ്പിക്കുന്നതിനുള്ള ശുപാർശകളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

# ശുപാർശകൾ

സമിതി സമർപ്പിയ്ക്കുന്ന ശുപാർശയുടെ ഭാഗമായി സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിഷയങ്ങളാണ് ഭാഗം-I ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ അനുമതി ഇല്ലാതെ തന്നെ കൃഷി വകുപ്പിന് തീരുമാനമെടുക്കാവുന്ന ശുപാർശകളായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കുക എന്ന ഉദ്ദേശത്തോടെയാണ് രണ്ടു ഭാഗങ്ങളായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി തീരുമാനിച്ചത്. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാവുന്ന ശുപാർശകൾ ഭാഗം-II ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# ഭാഗം - I

## 1. ഉത്തരവ് ബാധകമാക്കേണ്ട വകുപ്പുകളും സ്ഥാപനങ്ങളും

സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഫാം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് അതാത് വകുപ്പുകളിൽ നിന്ന് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുകൊണ്ട് വിവിധ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വ്യവസ്ഥകൾക്ക് ഒരു ഏകീകൃത സ്വഭാവമില്ല. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളിലെ തൊഴിലാളികൾക്കും ബാധകമായ പൊതുവായ ഒരു ഉത്തരവുണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തി. നിലവിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം കൃഷി വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്

നടപ്പിലാക്കുന്നത്. സേവന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഈ രീതി തുടരേണ്ടതും കൂടാതെ മറ്റു വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും തൊഴിലാളികളെയും പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. മേൽപ്പറഞ്ഞ വസ്തുതകളുടെയും വിലയിരുത്തലിന്റേയും അടിസ്ഥാനത്തിൽ ഈ സമിതിയുടെ ശുപാർശ അനുസരിച്ച് ലീവുകളും സേവന വ്യവസ്ഥകളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികൾക്കു പുറമെ ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള ഇ.റ്റി.സി ഫാമുകൾ, ട്രൈബൽ വകുപ്പിന്റെ കീഴിലുള്ള ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം, കൃഷി വകുപ്പിന്റെ കീഴിലുള്ള ലാബുകൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ, ബയോകൺട്രോൾ ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ലാബുകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കുകൂടി ബാധകമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ

കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും മേൽപ്പറഞ്ഞ എല്ലാ വകുപ്പുകൾക്കും ബാധകമായിരിക്കണമെന്നും ശുപാർശ ചെയ്യുന്നു.

## *2. ക്വാണ്ടം ഓഫ് വർക്ക് (ജോലിഭാരം)*

തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനോടൊപ്പം അവരുടെ ജോലിഭാരത്തിലും (ക്വാണ്ടം ഓഫ് വർക്കിലും) കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി. കൃഷി വകുപ്പിൽ 2003-ൽ പുനർനിർണ്ണയം നടത്തിയ സംസ്ഥാനാടിസ്ഥാനത്തിലുള്ള ഫാമുകളിലെ പൊതുവായ ജോലികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്വാണ്ടം ഓഫ് വർക്ക് നിലവിലുണ്ട്. ഈ തീരുമാനം അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് അതാതു ഫാമുകളിലെ പ്രത്യേകതകളനുസരിച്ച് എല്ലാ ഫാമുകളിലും എല്ലാ ജോലികളും ഉൾപ്പെടുത്തിക്കൊണ്ട് ക്വാണ്ടം ഓഫ് വർക്ക് നിശ്ചയിക്കേണ്ടത് ഫാമുകളുടെ സുഗമമായ നടത്തിപ്പിനും പുരോഗതിയ്ക്കും അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തി.

ഇക്കാര്യത്തിൽ 2016-ലെ ഗവൺമെന്റ് ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ ഫാമുകളിലും/മറ്റ് സ്ഥാപനങ്ങളിലും ഫാം കൗൺസിലുകൾകൂടി ചർച്ച ചെയ്ത് അതാത് ഫാമുകളുടെ പ്രത്യേകതകൾ അനുസരിച്ചുള്ള ക്വാണ്ടം ഓഫ് വർക്ക് നിശ്ചയിക്കേണ്ടതാണ്. ഇപ്രകാരം തീരുമാനമെടുക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ ജില്ലാ തലത്തിൽ ഇടപെടലുകൾ നടത്തി തീരുമാനത്തിലെത്തേണ്ടതാണ്. ജില്ലാതലത്തിലും തീരുമാനമായില്ലെങ്കിൽ സംസ്ഥാനതല ഇടപെടലുകൾ ഉണ്ടാകേണ്ടതും പ്രസ്തുത തലത്തിലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ഫാം കൗൺസിലുകൾ നിലവിലില്ലാത്ത ഫാമുകളിൽ/സ്ഥാപനങ്ങളിൽ ഏകപക്ഷീയമായി ക്വാണ്ടം ഓഫ് വർക്ക് നിശ്ചയിക്കരുതെന്നും ബന്ധപ്പെട്ട തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്തേ ഇക്കാര്യം നിശ്ചയിക്കാവൂ എന്നും സമിതി ശുപാർശ ചെയ്യുന്നു.

## 3. ***തൊഴിലാളികളുടെ നിയമനം***

തൊഴിലാളികളുടെ നിയമനരീതി, യോഗ്യത എന്നിവയടക്കമുള്ള കാര്യങ്ങളിൽ വ്യക്തതയുണ്ടാവേണ്ടത് ആവശ്യമാണെന്നും എല്ലാ വകുപ്പുകളും, സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ഒരേ രീതി അവലംബിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി വിലയിരുത്തി. കാഷ്വൽ തൊഴിലാളികളെ 03.04.2017-ലെ സ.ഉ.(കൈ)നം.51/2017/കൃഷി അനുസ്സരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം മാത്രം നിയമിക്കേണ്ടതും ഫാം സ്ഥിതിചെയ്യുന്ന 8 കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥിരതാമസക്കാർക്ക് നിയമനത്തിൽ മുനഗണന നൽകേണ്ടതുമാണ്. കാഷ്വൽ തൊഴിലാളികളുടെ നിയമനത്തിനുള്ള യോഗ്യത 12/02/1985-ലെ സ.ഉ(ആർ.റ്റി) 416/1985/എ.ഡി.-യിൽ പറഞ്ഞിരിക്കുന്നതുപോലെ കുറഞ്ഞത് അഞ്ചാംക്ലാസ്സ് പാസ്സായിരിക്കണമെന്നതും പരമാവധി യോഗ്യത +2/വി.എച്ച്.എസ്.സി. (കൃഷി, ലൈവ്സ്റ്റോക്ക്, പൗൾട്രി,

ഡയറി) എന്നതുമായിരിക്കണം. ആവശ്യമായ ടെസ്റ്റുകളുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ ശാരീരിക ക്ഷമത തെളിയിക്കണം. കാഷ്വൽ തൊഴിലാളി നിയമനത്തിനുള്ള പരമാവധി പ്രായപരിധി, പൊതുവിഭാഗം 41, ഒ.ബി.സി. വിഭാഗം 44, പട്ടികജാതിവിഭാഗം 46 എന്ന ക്രമത്തിലായിരിക്കണം. തൊഴിലാളി നിയനമത്തിനുള്ള ഇന്റർവ്യൂ ബോർഡിൽ അതാത് വകുപ്പുകളുടെ ജില്ലാ ഓഫീസർ, ബന്ധപ്പെട്ട ഫാം സൂപ്രണ്ട്, അതാത് ജില്ലാ ഓഫീസർ നിർദ്ദേശിക്കുന്ന സീനിയർ ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട ഡയറക്ടർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായിരിക്കണം. സ.ഉ. 310/1990/കൃഷി തീയതി 08/10/1996 പ്രകാരം തൊഴിലാളികളുടെ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## *4. തസ്തിക സംവരണം*

അതാത് വകുപ്പുകളിലെ ജില്ലകളിൽ ഒഴിവു വരുന്ന ക്ലാസ്സ്-4 തസ്തികയിലെ നിയമനത്തിൽ 10% ഫാം തൊഴിലാളികൾക്കായി സംവരണം ചെയ്യണമെന്ന് സമിതി

ശുപാർശ ചെയ്യുന്നു.

## 5. ***പ്രൊമോഷൻ***

നിലവിൽ സ്ഥിരം തൊഴിലാളികൾക്ക് സമയബന്ധിത ഹയർഗ്രേഡിന് മാത്രമാണ് അർഹതയുള്ളത്. സ്ഥിരം തൊഴിലാളികൾക്ക് മറ്റ് പ്രൊമോഷൻ സാദ്ധ്യതകളൊന്നും നിലവിലില്ല. ഇക്കാര്യത്തിൽ ഒരു മാറ്റം വരണമെന്നും ടി തൊഴിലാളികൾക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള അവസരമുണ്ടാകണമെന്നും സമിതി വിലയിരുത്തി. ഇതനുസരിച്ച് 20 മുതൽ 50 വരെ തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാമുകളിൽ മേൽനോട്ട ജോലികൾക്കായി ഒരു ഹെഡ് വർക്കറേയും, 50 മുതൽ 100 വരെ തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാമുകളിൽ രണ്ട് ഹെഡ് വർക്കർമാരേയും, 100-ൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാമുകളിൽ മൂന്ന് ഹെഡ് വർക്കർമാരേയും നിയമിക്കണമെന്നും ഇങ്ങനെ നിയമിക്കപ്പെടുന്നവർ കുറഞ്ഞത് 10 വർഷം സർവ്വീസുള്ള സ്ഥിരം തൊഴിലാളിയായിരിക്കണമെന്നും ഇവരെ ജനനതീയതി

മാനദണ്ഡമാക്കിയുള്ള സീനിയോരിറ്റി അടിസ്ഥാനത്തിൽ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## *6. ജോലി സമയം*

എല്ലാ ഫാമുകളിലേയും പ്രവർത്തിസമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കണമെന്നും പ്രസ്തുത പ്രവർത്തി സമയത്തിനിടയ്ക്ക് ഉച്ചയ്ക്ക് മുൻപ് ¼ മണിക്കൂർ, ഉച്ചയ്ക്ക് 1 മണിക്കൂർ, ഉച്ചയ്ക്ക് ശേഷം ¼ മണിക്കൂർ എന്ന രീതിയിൽ 1 ½ മണിക്കൂർ വിശ്രമസമയം അനുവദിക്കണമെന്നും, വിശ്രമസമയം എപ്പോഴായിരിക്കണമെന്ന് അതാത് ഫാമുകളിൽ ബന്ധപ്പെട്ട യൂണിയൻ പ്രതിനിധികളുമായി ചർച്ചചെയ്ത് തീരുമാനിക്കാവുന്നതും ജോലി സമയവും വിശ്രമസമയവും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

## *7. തൊഴിൽ പരിശീലനം*

നിലവിൽ ഫാം തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനമൊന്നും നിലവിലില്ലെന്നും ആയതിന് ഒരു മാറ്റം വരേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തി. എല്ലാ ഫാം തൊഴിലാളികളും അതാത് ഫാമുകളിലെ എല്ലാ ജോലികളും ചെയ്യുന്നതിന് പ്രാപ്തരാക്കുന്ന രീതിയിൽ തൊഴിൽ പരിശീലനം നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഫാമുകളിലെ ഉദ്യോഗസ്ഥരുടേയും 50 വയസ്സിന് മുകളിൽ പ്രായമുള്ള പരിചയസമ്പന്നരായ തൊഴിലാളികളുടെയും സേവനം ഇതിന് ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നും ശുപാർശ ചെയ്യുന്നു.

## *8. അച്ചടക്ക നടപടി*

ഫാം തൊഴിലാളികളുടെ നിയമനാധികാരി അതാത് ജില്ലാ ഓഫീസർമാരാണ്. ഫാം തൊഴിലാളികളുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയായ ജില്ലാ ഓഫീസർമാരിൽ

നിക്ഷിപ്തമായിരിക്കേണ്ടതും അപ്പീൽ അധികാരി അതാത് വകുപ്പ് തലവൻമാർ ആയിരിക്കേണ്ടതുമാണ്. നിലവിലുള്ള നിർദ്ദേശമനുസരിച്ച് കാഷ്വൽ തൊഴിലാളികൾക്ക് ജീവനബത്തയ്ക്ക് അർഹതയില്ലാത്തതുകാരണം ടി തൊഴിലാളികളെ സസ്പെന്റ് ചെയ്യാതെതന്നെ നേരിട്ട് പിരിച്ചുവിടാവുന്നതാണ്. ഈ നിർദ്ദേശം നീതിനിഷേധമാണെന്നും ഇക്കാര്യത്തിൽ മാറ്റം വരണമെന്നും സമിതി വിലയിരുത്തി. കാഷ്വൽ തൊഴിലാളികളെ നേരിട്ട് പിരിച്ചുവിടുന്ന സമ്പ്രദായം നിർത്തലാക്കി ജീവനബത്ത ഇല്ലാതെ ജോലിയിൽനിന്നും താൽക്കാലികമായി മാറ്റി നിർത്തുകയും 3 മാസത്തിനകം ഒരു തീരുമാനമെടുക്കുകയും ചെയ്യേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

### ***9. <u>ജോലി തരംതിരിക്കൽ/ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിക്കൽ</u>***

പത്ത് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഫാമുകളിലെ തൊഴിലാളികളുടെ ജോലികൾ കാഠിന്യമില്ലാത്തത് (light work) കാഠിന്യമുള്ളത് (hard work) എന്നീ രീതിയിൽ തരംതിരിക്കേണ്ടതാണ്. ഓരോ ഫാമിലേയും കാഠിന്യമുള്ളതും,

കാഠിന്യമില്ലാത്തതുമായ ജോലികൾ ഏതെന്ന് അതാത് ഫാം തലവൻമാർ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ ജില്ലാ നേതൃത്വവുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. 50 വയസ്സിനുമേൽ പ്രായമുള്ള തൊഴിലാളികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ കാഠിന്യമില്ലാത്ത വിഭാഗത്തിൽപ്പെട്ട ജോലികളിൽ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണം. 15 ദിവസത്തിലൊരിക്കൽ റോട്ടേഷനിൽ മാറ്റം വരുത്താവുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ പ്രത്യേകതകൾ പരിഗണിച്ച് ഫാം മേധാവികൾ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതാണ്.

## *10. മോണിറ്ററിംഗ് സെൽ*

ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി എന്ന നിലയ്ക്ക് തൊഴിലാളികളുടെ ക്വാണ്ടം ഓഫ് വർക്ക്, റൊട്ടേഷൻ എന്നീ കാര്യങ്ങൾ നിയമാനുസൃതം നടക്കുന്നുവെന്നു നിരീക്ഷിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ഇത് സംബന്ധിച്ച

തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഒരു ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിക്കേണ്ടതാണ്. ഓരോ വകുപ്പിന്റെയും അതാത് ജില്ലാ ഓഫീസർമാർ പ്രസ്തുത സെല്ലിന്റെ ചെയർമാനും ഫാമിന്റെ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ/ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥൻ കൺവീനറും, അതാത് ജില്ലകളിലെ എല്ലാ ഫാം തലവൻമാരും ഒരു അംഗീകൃത തൊഴിലാളി യൂണിയനിൽ നിന്നും രണ്ടു പ്രതിനിധികളും പ്രസ്തുത സെല്ലിൽ അംഗങ്ങളുമായിരിക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത സെൽ എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച നിശ്ചിത സമയത്ത് കൂടേണ്ടതാണ്. അന്നേ ദിവസം അവധിയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം കൂടേണ്ടതാണ്. ജില്ലാ തലത്തിൽ പരിഹാരം കാണാതെ വരുന്ന പ്രശ്നങ്ങളും പൊതു വിഷയങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് താഴെപ്പറയുന്ന മാതൃകയിൽ ഒരു സ്റ്റേറ്റ് മോണിറ്ററിംഗ് സെൽ രൂപീകരിക്കണം.

1. അഡീഷണൽ ഡയറക്ടർ (ഫാംസ്) - ചെയർമാൻ
2. ലേബർ വെൽഫയർ ഓഫീസർ - കൺവീനർ
3. ബന്ധപ്പെട്ട വകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു സീനിയർ ഉദ്യോഗസ്ഥൻ - അംഗം
4. അംഗീകൃത ട്രേഡ് യൂണിയൻ ജനറൽ സെക്രട്ടറിമാർ നിർദ്ദേശിക്കുന്ന പ്രതിനിധി - അംഗങ്ങൾ

സ്റ്റേറ്റ് മോണിറ്ററിംഗ് സെൽ ഓരോ ആറ് മാസത്തിലും കൂടിയിരിക്കണമെന്നും പ്രസ്തുത സമിതിയുടെ തീരുമാനം അന്തിമമായിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇതേ മാതൃകയിൽ ആവശ്യമായ മാറ്റങ്ങളോടെ സ്റ്റേറ്റ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതാണ്.

## 11. മിനിമം ജോലിഭാരം ഉറപ്പുവരുത്തൽ

ഓരോ ഫാമിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള ക്വാണ്ടം ഓഫ്

വർക്ക് മിനിമം ജോലിയായിട്ടാണ് കണക്കാക്കേണ്ടത്. പ്രസ്തുത മിനിമം ജോലി ചെയ്യുന്നതിൽ 3 ദിവസം വീഴ്ച വരുത്തുന്ന തൊഴിലാളികൾക്ക് ആയത് ഒരു അംഗീകൃത അവധിയായിട്ട് കണക്കാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## 12. വീക്കിലി ഓഫ്

ശമ്പളത്തോടു കൂടി ആഴ്ചയിൽ ഒരു ദിവസം അവധി സ്ഥിരം തൊഴിലാളികൾക്ക് അനുവദിക്കുന്ന സമ്പ്രദായം തുടരേണ്ടതാണെന്നും ആയതിന് യാതൊരു നിബന്ധനകളും പാടില്ലാത്തതുമാകുന്നു. ഫാമുകളിൽ ഞായറാഴ്ചയും പ്രവർത്തി ദിവസമാകയാൽ തൊഴിലിനു ഭംഗം വരാത്ത രീതിയിൽ തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം റൊട്ടേഷൻ വ്യവസ്ഥയിൽ ഓഫ് അനുവദിക്കാവുന്നതാണെന്നും പ്രസ്തുത വീക്കിലി ഓഫ് പൊതു അവധി ദിവസങ്ങളിൽ വരികയാണെങ്കിൽ ആയതിന് കോമ്പൻസേഷൻ അനുവദിക്കണമെന്നും ആയത് 30 ദിവസത്തിനകം നൽകണമെന്നും ശുപാർശ ചെയ്യുന്നു.

## 13. ശൂന്യവേതനാവധി

നിലവിലുള്ള നിർദ്ദേശമനുസരിച്ച് 120 ദിവസം വരെയുള്ള ശൂന്യവേതനാവധി അതാതു ജില്ലാ ഓഫീസർമാർക്കും അതിനു മുകളിലുള്ളത് അനുവദിക്കുവാൻ സർക്കാരിനുമാണ് അധികാരമുള്ളത്. ഇത് തീർത്തും പ്രായോഗികമല്ലാത്ത ഒരു നിർദ്ദേശമാണ്. കാരണം ഒരു ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനും ജില്ലാ ഓഫീസർക്ക് അപേക്ഷ നൽകേണ്ട അവസ്ഥായാണുള്ളത്. സർക്കാരിനയയ്ക്കുന്ന അപേക്ഷകളിൽ ഒട്ടേറെ കാലതാമസ്സം ഉണ്ടാകുന്ന അവസ്ഥയും നിലവിലുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി. മെഡിക്കൽ സ്രട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള 30 ദിവസം വരെയുള്ള ശൂന്യവേതനാവധി അതാതു ഫാം സൂപ്രണ്ടുമാർക്ക്/ഫാം ആഫീസർമാർക്കും 30 മുതൽ 180 ദിവസം വരെയുള്ളത് അതാതു ജില്ലാ ഓഫീസർമാർക്കും, 180 ദിവസത്തിനു മുകളിലുള്ളത് അതാതു വകുപ്പ് തലവൻമാർക്കും

അനുവദിക്കാവുന്നതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. ക്ഷീരവികസന വകുപ്പിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ടി വകുപ്പിന്റെ കീഴിലുള്ള ഫാം സൂപ്രണ്ടിന് 180 ദിവസം വരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നും ശുപാർശ ചെയ്യുന്നു.

## 14. ദേശീയാവധികൾ

ദേശീയ അവധി ദിവസങ്ങളിൽ കാഷ്വൽ തൊഴിലാളികളെ ജോലിയ്ക്ക് നിയോഗിക്കുന്ന സമ്പ്രദായം ചില ഫാമുകളിൽ നിലവിലുണ്ടെന്നും ആയത് ശരിയായ കീഴ്വഴക്കമല്ലെന്നും സമിതി വിലയിരുത്തി. യാതൊരു കാരണവശാലും ദേശീയാവധി ദിവസങ്ങളിൽ കാഷ്വൽ തൊഴിലാളികളെ ജോലിയ്ക്ക് നിയോഗിക്കരുതെന്ന് സമിതി ശുപാർശ ചെയ്യുന്നു. അത്യാവശ്യഘട്ടങ്ങളിൽ സ്ഥിരം തൊഴിലാളികളെ സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതാണ്.

## 15. കാഷ്വൽ തൊഴിലാളികളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള ഫോർമുല

ഫാമുകളിൽ കാഷ്വൽ തൊഴിലാളികളുടെ എണ്ണം നിജപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നും നിശ്ചയിച്ചിട്ടില്ല. 13.12.2017-ലെ സ.ഉ.(കൈ)നം.161/2017/കൃഷി അനുസരിച്ച് 01.12.2016 വരെ കുറഞ്ഞത് 30 ദിവസം ജോലി ചെയ്തിട്ടുള്ള ദിവസവേതന തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിനും ഭാവിയിൽ ദിവസവേതന, കാഷ്വൽ, സ്ഥിരം തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സർക്കാർ നിർദ്ദേശം അനുസരിച്ച് ദിവസ വേതന തൊഴിലാളികളെ നിയോഗിക്കുകയും പിന്നീട് അവരെ കാഷ്വൽ തൊഴിലാളിയായി നിയമിക്കുകയും ചെയ്തപ്പോൾ ചില ഫാമുകളിൽ ആവശ്യത്തിലധികം കാഷ്വൽ തൊഴിലാളികൾ നിലവിലുള്ള അവസ്ഥ സംജാതമാവുകയും ചെയ്തിട്ടുള്ളതാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള നേര്യമംഗലം

ജില്ലാ ഫാം, പെരിങ്ങമല ജില്ലാ ഫാം എന്നിവ ഇതിന് പ്രത്യക്ഷ ഉദാഹരണങ്ങളാണ്. നേര്യമംഗലം ജില്ലാ ഫാമിൽ 294 കാഷ്വൽ തൊഴിലാളികളും, പെരിങ്ങമല ജില്ലാ ഫാമിൽ 106 കാഷ്വൽ തൊഴിലാളികളും നിലവിലുണ്ട്. എന്നാൽ അഞ്ചൽ ജില്ലാ കൃഷി ഫാം പോലുള്ള ചില ഫാമുകളിൽ ആവശ്യത്തിന് കാഷ്വൽ തൊഴിലാളികൾ ഇല്ലാത്ത അവസ്ഥയും നിലവിലുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഓരോ ഫാമുകളിലും ആവശ്യമായ കാഷ്വൽ തൊഴിലാളികളുടെ എണ്ണം നിജപ്പെടുത്തുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തി. വിശദമായ ചർച്ചകൾക്കുശേഷം സമിതി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. 01.11.2018-ൽ നിലവിലുള്ള എല്ലാ കാഷ്വൽ തൊഴിലാളികളെയും അതേപടി നിലനിർത്തുക.
2. നിലവിലുള്ള സ.ഉ (എം.എസ്) 481/1980/എ.ഡി തീയതി 15.12.1980 അനുസരിച്ച് എല്ലാ ഫാമുകളിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥിരം തൊഴിലാളികളുടെ അംഗീകൃത അംഗസംഖ്യയിൽ കുറവോ കൂടുതലോ

ഉണ്ടാവാതെ നിലനിർത്തേണ്ടതാണ്.

3. സീഡ് ഫാം ഉൾപ്പെടെയുള്ള എല്ലാ ഫാമുകളിലേയും ഒഴിവുകളിലേയ്ക്ക് നിലവിലുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.
4. ഫാമുകളിൽ നിലവിലുള്ള സ്ഥിരം തൊഴിലാളികളുടെ എണ്ണവും അനുവദനീയമായ അവധികളും, പൊതു ഒഴിവുദിവസങ്ങളും, വീക്കിലി ഓഫും കാഷ്വൽ തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നതിനുള്ള ഫോർമുലയുടെ മാനദണ്ഡങ്ങളായിരിക്കണം.
5. ഫോർമുല നിശ്ചയിക്കുന്നതിന് സമിതി അഞ്ചൽ ജില്ലാ കൃഷിത്തോട്ടം മാതൃകയായി സ്വീകരിച്ചു.

**അഞ്ചൽ ജില്ലാ ഫാം**

വിസ്തീർണ്ണം 140.54 ഹെക്ടറിന് തുല്യമായ 357 ഏക്കറിൽ 20 ഏക്കർ മറ്റാവശ്യങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ളത് കഴിച്ച് കൈവശ ഭൂമി - 337 ഏക്കർ.

ഏകദേശം കൃഷിയോഗ്യമായ ഭൂമിയുടെ വിസ്തീർണ്ണം - 300

ഏക്കർ

അനുവദിച്ച സ്ഥിരം തസ്തിക – പു - 111, സ്ത്രീ - 35 ആകെ 146

നിലവിലുള്ള തൊഴിലാളികൾ പു - 35, സ്ത്രീ - 23 ആകെ 58

പ്രതീക്ഷിത തൊഴിൽ ദിനം (വർഷത്തിൽ)

പു - 35 x 365 = 12775, സ്ത്രീ - 23 x 365 = 8395

ലഭ്യത : ആകെ ദിവസങ്ങൾ - (വീക്കിലി ഓഫ് + പൊതു ഒഴിവുകൾ + അനുവദനീയമായ അവധി) = 365 – (52 + 35 + 33) = 365 – 120 = 245

അതായത് പു - 35 x 245 = 8575 തൊഴിൽ ദിനം,

സ്ത്രീ - 23 x 245 = 5635

**കുറവ് വരുന്ന തൊഴിൽ ദിനം**

പുരുഷൻ : 12775 – 8575 = 4200 (Rounded) തൊഴിൽ ദിനം

സ്ത്രീ : 8395 – 5635 = 2760 (Rounded) തൊഴിൽ ദിനം

അധികം ആവശ്യമായ തൊഴിലാളികളുടെ എണ്ണം

പു : 4200 / 365 = 11

നിലവിലുള്ള കാഷ്വൽ പു: 2

നിയമിക്കേണ്ട കാഷ്വൽ പു : 11 – 2 = 9

സ്ത്രീ : 2760 / 365 = 7

നിലവിലുള്ള കാഷ്വൽ സ്ത്രീ : 3

നിയമിക്കേണ്ട കാഷ്വൽ സ്ത്രീ : 7 – 3 = 4

ആകെ നിയമിക്കേണ്ട തൊഴിലാളികൾക്ക്

പു : 9 സ്ത്രീ : 4 ആകെ = 13

ഫാമുകളിലെ കാഷ്വൽ തൊഴിലാളികളുടെ അംഗീകൃത അംഗസംഖ്യ നിശ്ചയിക്കുന്നതിനു ശുപാർശ ചെയ്യുന്ന ഫോർമുല

$$\frac{\text{നിലവിലുള്ള സ്ഥിരം തൊഴിലാളികൾ} \times 120}{365} - \text{നിലവിലുള്ള കാഷ്വൽ തൊഴിലാളികൾ}$$

മേൽപ്പറഞ്ഞ ഫോർമുല പ്രകാരം നിശ്ചയിക്കുന്ന കാഷ്വൽ തൊഴിലാളികളുടെ എണ്ണം പരമാവധി ആയിരിക്കേണ്ടതും ഓരോ ഫാമിന്റേയും സ്വഭാവവും ആവശ്യകതയും അനുസരിച്ച് വേണമെങ്കിൽ എണ്ണത്തിൽ താൽക്കാലിക കുറവ് വരുത്താവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ലഭ്യമായ വിവരം അനുസരിച്ച് കൃഷി വകുപ്പിൽ 1487 സ്ഥിരം തൊഴിലാളികളും 1175 കാഷ്വൽ തൊഴിലാളികളുമുണ്ട്. അതായത് സ്ഥിരം തൊഴിലാളികളുടെ 79% കാഷ്വൽ തൊഴിലാളികൾ നിലവിലുണ്ട്. മുകളിൽ വിശദീകരിച്ച ഫോർമുല അംഗീകരിച്ചാൽ ഒരു ഫാമിൽ ശരാശരി 30% കാഷ്വൽ തൊഴിലാളികൾ മാത്രമേ ഉണ്ടാകുകയുള്ളൂ. നിർദ്ദിഷ്ട ഫോർമുല പ്രകാരം 1487 സ്ഥിരം തസ്തികകൾക്ക് 488 മുതൽ 500 കാഷ്വൽ തൊഴിലാളികൾ മതിയാകും. അനുവദിച്ചിട്ടുള്ള 2447 സ്ഥിരം തസ്തികകൾ പൂർണ്ണമായി നികത്തുമ്പോൾ 800 മുതൽ 825 വരെ കാഷ്വൽ തൊഴിലാളികൾ ആവശ്യമായി വരും. കാഷ്വൽ തൊഴിലാളികൾക്ക് പ്രതിമാസം 10 മുതൽ 15 ദിവസം വരെയാണ് തൊഴിൽ ലഭിക്കുന്നത്. അതുകൊണ്ട് തൊഴിലാളികൾ അധികം വരുന്ന ഫാമുകളിൽ ഇവരുടെ അപേക്ഷ പരിഗണിച്ച് അതാതു ജില്ലകളിൽ പുനർവിന്യാസം നടത്താവുന്നതുമാണെന്നും ശുപാർശ ചെയ്യുന്നു.

## 16.കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ്

കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അവ്യക്തത നീക്കുന്നതിനും എല്ലാ ഫാമുകളിലും ഈ കാര്യം ഏകീകൃതമായി കൈകാര്യം ചെയ്യുന്നതിനും താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്.

1. കാഷ്വൽ തൊഴിലാളികളുടെ ആദ്യ വർഷത്തെ സീനിയോറിറ്റി കണക്കാക്കേണ്ടത് കാഷ്വൽ തൊഴിലാളിയായി നിയമനം ലഭിച്ച് ഒരു വർഷം പൂർത്തിയാകുന്നതുവരെ ജോലി ചെയ്ത ദിവസങ്ങളും ശമ്പളത്തിന് അർഹതയുള്ള അംഗീകൃത ലീവുകളും ഹോളിഡേയ്സും ഉൾപ്പെടെയുള്ള മൊത്തം ദിവസങ്ങളുടെ അടിസ്ഥാനത്തിലാണ്.
2. കാഷ്വൽ തൊഴിലാളികളുടെ രണ്ടു വർഷത്തെ സീനിയോറിറ്റി കണക്കാക്കേണ്ടത് നിയമനം ലഭിച്ച് രണ്ടാം വർഷം പൂർത്തിയാക്കിയതിനുശേഷം വരുന്ന

ഡിസംബർ 31 വരെ ജോലി ചെയ്ത ദിവസങ്ങളും ശമ്പളത്തിന് അർഹതയുള്ള അംഗീകൃത ലീവുകളും ഹോളിഡേയ്സും ഉൾപ്പെടെയുള്ള മൊത്തം ദിവസങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം (ഉദാ: 2011 സെപ്തംബറിൽ നിയമനം ലഭിച്ച കാഷ്വൽ തൊഴിലാളികളുടെ ആദ്യത്തെ സീനിയോറിറ്റി ലിസ്റ്റ് 2012 സെപ്തംബർ വരെയുള്ള സീനിയോറിറ്റിക്ക് അർഹതയുള്ള ദിവസങ്ങളുടെ അടിസ്ഥാനത്തിലും രണ്ടാം വർഷത്തെ സീനിയോറിറ്റി ലിസ്റ്റ് 2013 ഡിസംബർ 31 വരെയുള്ള സീനിയോറിറ്റിക്ക് അർഹതയുള്ള ദിവസങ്ങളുടെയും അടിസ്ഥാനത്തിലും ആയിരിക്കണം. 2011 ഡിസംബറിൽ നിയമനം ലഭിച്ച കാഷ്വൽ തൊഴിലാളികളുടെ ആദ്യത്തെ സീനിയോറിറ്റി ലിസ്റ്റ് 2012 ഡിസംബറിൽ നിയമനം ലഭിച്ച് 1വർഷം പൂർത്തിയാകുന്നതു വരെയുള്ള സീനിയോറിറ്റിക്ക് അർഹതയുള്ള ദിവസങ്ങളുടെ അടിസ്ഥാനത്തിലും രണ്ടാം വർഷത്തെ സീനിയോറിറ്റി ലിസ്റ്റ് 2013 ഡിസംബർ 31 വരെയുള്ള സീനിയോറിറ്റിക്ക്

അർഹതയുള്ള ദിവസങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം) പിന്നീടുള്ള എല്ലാ വർഷങ്ങളിലും ഡിസംബർ 31 വരെയുള്ള മേൽപ്പറഞ്ഞ ദിവസങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

3. കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി കണക്കാക്കുമ്പോൾ കാഷ്വൽ തൊഴിലാളിയായി നിയമനം ലഭിച്ചതിനു ശേഷം ജോലി ചെയ്ത ദിവസങ്ങളോടൊപ്പം ശമ്പളത്തിന് അർഹതയുള്ള അംഗീകൃത ലീവുകളും, ഹോളിഡേയ്സും പരിഗണിക്കേണ്ടതാണ്.
4. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവ് കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റിക്ക് പരിഗണിക്കുവാൻ പാടുള്ളതല്ല.
5. ഒന്നിൽ കൂടുതൽ കാഷ്വൽ തൊഴിലാളികൾക്ക് സീനിയോറിറ്റിക്ക് പരിഗണിക്കുന്ന ദിവസങ്ങൾ ഒരുപോലെ വരികയാണെങ്കിൽ വയസ്സിൽ മൂത്ത ആളിന് മുൻഗണന നൽകണം.

6. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ച് കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് എല്ലാ വർഷവും ജനുവരി 15 -ന് മുമ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പരാതികൾ ഉണ്ടെങ്കിൽ സമർപ്പിക്കാൻ ആവശ്യത്തിന് സമയം നൽകേണ്ടതും പരാതികൾ പരിഹരിച്ചതിനുശേഷം ജനുവരി 31 -ന് മുമ്പ് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

7. നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയറായ കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളുടെ അംഗീകൃത തസ്തികയിലെ ഒഴിവുകളിൽ അതതു പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സ്ഥിരപ്പെടുത്തി നിയമിക്കേണ്ടതാണ്. കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള മേൽപ്പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങൾ തുടരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. **ഇൻക്രിമെന്റ്**

നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് കലണ്ടർ വർഷത്തിൽ 240 ദിവസത്തെ ജോലി പൂർത്തിയാക്കിയാൽ മാത്രമേ ഇൻക്രിമെന്റിന് അർഹതയുണ്ടാവുകയുള്ളൂ. പ്രസ്തുത രീതി തുടരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സെക്ഷൻ ഓഫീസർ